# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2732** — **06.02.2018 ലെ മറുപടി**

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | മാത്യൂ ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്; മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും തരം തിരിച്ച് ലഭ്യമാക്കുമോ; | (എ) 1. കോട്ടക്കൽ നിയോജകമണ്ഡല പരിധിയ്ക്കുള്ളിൽ മൈനർ ഇറിഗേഷന്റെ കീഴിൽ സർക്കാരിലേക്ക് എസ്റ്റിമേറ്റുകൾ ഒന്നും ലഭിച്ചിട്ടില്ല.<br><br>2. മേജർ ഇറിഗേഷൻ കിഫ്ബി ധന സഹായത്തോടെ നിർമ്മിക്കുന്ന കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ കാങ്കക്കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ആർ.സി.ബിയ്ക്കായി 100 കോടി രൂപയുടെ പ്രവർത്തിക്ക് 17.10.17 ലെ സ.ഉ (സാധാ) നം.859/2017/ ജവിവ പ്രകാരം ഇൻ-പ്രിൻസിപ്പൽ സാംഗ്ഷൻ നല്കിയിട്ടുണ്ട്.<br><br>3. മേജർ ഇറിഗേഷൻ കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവർത്തിക്കായി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.എം.എഫിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാ വിദഗ്ധ സമിതി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത്. ഇതിൽ 60 മീറ്റർ നീളത്തിൽ സംരക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംസ്ഥാന തല വിദഗ്ധസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അവർ ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി പദ്ധതി സ്ഥലം സന്ദർശിച്ച് പരിശോധിക്കുകയും അംഗീകാരത്തിനായി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തിക്ക് ഇതുവരെ ഭരണാനുമതി (റവന്യൂ വകുപ്പിൽ നിന്നും) ലഭിച്ചിട്ടില്ല. |

| | |
|---|---|
| (ബി) ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ തലത്തിൽ തീരുമാനിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ജല സേചന വകുപ്പിലെ മേജർ, മൈനർ വിഭാഗത്തിൽ സാമ്പത്തിക / ഭരണാനുമതിയ്ക്കായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അംഗീകാരം നല്കുന്നതാണ്.<br>1. മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ അറ്റകുറ്റ പ്രവൃത്തി - 25 ലക്ഷം രൂപ<br>2. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ചങ്ങണ ക്കടവിന് മുകൾഭാഗത്ത് മണ്ണാത്തി പ്പാറയ്ക്ക് അടുത്ത് ഭാരതപ്പുഴയുടെ വലതു കര സംരക്ഷണം - 42 ലക്ഷം രൂപ |
| (സി) നിലവിൽ സർക്കാർ ആവശ്യപ്പെട്ട പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും അവ സർക്കാരിൽ എത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) സർക്കാരിൽ നിന്നു ആവശ്യപ്പെട്ട പ്രകാരം കൈതക്കുളത്തിന്റെ നിർമ്മാണത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിക്കുകയും ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**